"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ധനകാര്യ വകുപ്പിലെ ആവശ്യത്തിലേക്ക് 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് – ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അക്കൗണ്ട്സ്– ബി) വകുപ്പ്**

**സ.ഉ.(കൈ)നം. 24/2025/ധന.** **തീയതി, തിരുവനന്തപുരം, 21.02.2025.**

---

പരാമർശം : 1. 05.11.2020–ലെ സ.ഉ (അ) നം.152/2020/ധന നമ്പർ ഉത്തരവ്.
2. 14.03.2013–ലെ സ.ഉ.(കൈ) നം.72/2013/പൊ.ഭ.വ

**ഉത്തരവ്**

പരാമർശം 1 ഉത്തരവിലെ പതിമൂന്നാം ഖണ്ഡികയിലും, പരാമർശം 2 ഉത്തരവിലെ 5 (iii) ഖണ്ഡികയിലും ഇളവ് വരുത്തിക്കൊണ്ട് ധനകാര്യ വകുപ്പിലെ ആവശ്യത്തിലേക്ക് 7 പുതിയ വാഹനങ്ങൾ (Maruti Ciaz Smart Hybrid Delta 1.5 L 5 MT മോഡൽ വാഹനം 3 എണ്ണം, Maruti Ertiga Smart Hybrid VXI(O) 1.5 L 5 MT മോഡൽ വാഹനം 4 എണ്ണം) GeM പോർട്ടൽ മുഖേന വാങ്ങുന്നതിന് **77,00,000/- രൂപയുടെ (എഴുപത്തിയേഴ് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) പ്രസ്തുത ചെലവ് **"2052-00-090-96-FD-21-1-Purchase of Vehicles"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ഡോ.എ. ജയതിലക് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
2. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
4. ധനകാര്യ (വ്യയം) വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
5. പൊതുഭരണ (എസ്.സി) വകുപ്പ് – 19.02.2025 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ 2732.
6. ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ്.
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (E 2458016).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

FINANCE DEPARTMENT
E-OFFICE
Receipt No. E 9304430 2025/ACS(FIN)

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-02-2025

ഫയൽ നം. അക്കൗണ്ട്സ്-ബി2/21/2023-ധന.(E 2458016). ഇനം നം: 2732

വിഷയം : ധനകാര്യ വകുപ്പ് - ധനകാര്യ വകുപ്പിന്റെ ആവശ്യത്തിനായി പുതിയ 7 വാഹനങ്ങൾ വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2732

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നം. അക്കൗണ്ട്സ്-ബി2/21/2023-ധന (E 2458016) |
| 2 | വകുപ്പ് | ധനകാര്യ (അക്കൗണ്ട്സ്-ബി) വകുപ്പ് |
| 3 | വിഷയം | ധനകാര്യ വകുപ്പിന്റെ ആവശ്യത്തിനായി പുതിയ 7 വാഹനങ്ങൾ വാങ്ങുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27.01.2025 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഇത് ധനകാര്യ വകുപ്പിൽ ആരംഭിച്ച ഫയലാണ്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. ഡബ്ല്യൂ.ജെ.സുതൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.എൻ.ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.02.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.02.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) ധനവകുപ്പിൽ 2024 ഡിസംബറിൽ 15 വർഷം കാലാവധി കഴിഞ്ഞതുമൂലം ഉപയോഗ ശൂന്യമായ 7 വാഹനങ്ങൾക്ക് പകരമായി 7 പുതിയ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 15 വർഷം പൂർത്തിയായ സർക്കാർ വാഹനങ്ങൾ നിരത്തിലിറക്കാൻ പാടില്ല എന്നും 15 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദാകുന്നതാണെന്നുമുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024 ഡിസംബർ മാസം വരെ ധനകാര്യ വകുപ്പിൽ ഉപയോഗിച്ചുകൊണ്ടിരുന്ന 7 വാഹനങ്ങൾ ഉപയോഗശൂന്യമായിരിക്കുകയാണ്. ആയതിനാൽ പുതിയ 7 വാഹനങ്ങൾ ധനകാര്യ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

3) 05.11.2020-ലെ സ.ഉ(അ)നം.152/2020/ധന ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും വാഹനങ്ങൾ വാങ്ങുന്നത് അനുവദിക്കുന്നതല്ല. 17.11.2024 തീയതിയിലെ സ.ഉ(കൈ)നം.157/2024/ധന പ്രകാരം പ്രസ്തുത വിലക്ക് 08.11.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. 14.03.2013-ലെ സ.ഉ(കൈ)നം.72/2013/പൊ.ഭ.വ ഉത്തരവിലെ ഖണ്ഡിക 5 (iii) പ്രകാരം സർക്കാരിലേക്ക് 10 ലക്ഷം രൂപയിൽ കുറവുള്ള വാഹനങ്ങൾ മാത്രമേ വാങ്ങാൻ പാടുള്ളൂ. 10 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള വാഹനങ്ങൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ മുൻകൂർ അനുമതി ആവശ്യമാണ്. 8,80,000/- രൂപ എക്സ് ഷോറൂം വില വരുന്ന Maruti Ciaz Smart Hybrid Delta 1.5 L 5 MT മോഡൽ വാഹനം 3 എണ്ണവും, 8,65,040/- രൂപ എക്സ് ഷോറൂം വില വരുന്ന Maruti Ertiga Smart Hybrid VXI(O) 1.5 L 5 MT മോഡൽ വാഹനം 4 എണ്ണവുമാണ് ധനകാര്യ വകുപ്പിന് നിലവിൽ ആവശ്യമായി വരുന്നത്. മേൽ സാഹചര്യത്തിൽ ഇൻഷ്വറൻസ്, മറ്റ് ചെലവുകൾ ഉൾപ്പെടെ ഏകദേശം 77 ലക്ഷം രൂപയ്ക്ക് 7 പുതിയ വാഹനങ്ങൾ (Maruti Ciaz Smart Hybrid Delta 1.5 L 5 MT – 3 എണ്ണം, Maruti Ertiga Smart

Hybrid VXI(O)1.5 L 5 MT - 4 എണ്ണം) മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി വാങ്ങുന്നതിൽ തീരുമാനമെടുക്കുന്നതിനായി സമർപ്പിക്കാവുന്നതാണ്.

4) ഈ വിഷയം മന്ത്രിസഭ മുമ്പാകെ തീരുമാനത്തിന് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ധനവകുപ്പിൽ 2024 ഡിസംബറിൽ 15 വർഷം കാലാവധി കഴിഞ്ഞതുമൂലം ഉപയോഗ ശൂന്യമായ 7 വാഹനങ്ങൾക്ക് പകരമായി 8,80,000/- രൂപ എക്സ് ഷോറൂം വില വരുന്ന Maruti Ciaz Smart Hybrid Delta 1.5 L 5 MT മോഡൽ വാഹനം 3 എണ്ണവും, 8,65,040/- രൂപ എക്സ് ഷോറൂം വില വരുന്ന Maruti Ertiga Smart Hybrid VXI(O) 1.5 L 5 MT മോഡൽ വാഹനം 4 എണ്ണവും ഇൻഷുറൻസ്, മറ്റ് ചെലവുകൾ ഉൾപ്പെടെ ഏകദേശം 77 ലക്ഷം രൂപയ്ക്ക് 14.03.2013-ലെ സ.ഉ (കൈ) നം.72/2013/പൊ.ഭ.വ ഉത്തരവിലെ ഖണ്ഡിക 5 (iii), 05.11.2020-ലെ സ.ഉ (അ) നം.152/2020/ധന ഉത്തരവിലെ ഖണ്ഡിക 13 എന്നിവ ഇളവു വരുത്തിക്കൊണ്ട് GeM പോർട്ടൽ മുഖേന വാങ്ങാവുന്നതാണോ?

## GOVERNMENT OF KERALA

## (SRI. PINARAYI VIJAYAN MINISTRY)

## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | No. ACCTS-B2/21/2023-FIN (E 2458016) |
| 2 | Department | Finance (Accounts-B) Department |
| 3 | Subject | Purchase of 7 new vehicles in Finance Department |
| 4 | Date of Chief Minister's order for placing before the Council | 27.01.2025 |
| 5 | (i) Does the case involve financial commitments / implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted the Note for the Council | File originated in Finance Department |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for Council? | No |
| 7 | Name of Joint Secretary who submitted the Draft note | Sri.W.J.Suthan |
| 8 | Name of Additional Chief Secretary who approved the Draft note | Dr. A Jayathilak |
| 9 | Date of approval of the Draft note for the Council by the Additional Chief Secretary | 7.2.2025 |
| 10 | Name of Chief Secretary who approved the Draft Note | Smt. Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 15.2.2025 |
| 12 | Name of Minister who approved the Draft note | Sri.K.N.Balagopal |
| 13 | Date of approval of the Draft note by the Minister | |
| 14 | Date of submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O / letter communicated. | |

# NOTE FOR THE COUNCIL OF MINISTERS

1) The note is regarding the purchase of 7 new vehicles in Finance Department by replacing the 7 vehicles which are scrap since they completed 15 years as on December 2024.

2) Based on the direction of the Central Government that the Government vehicles that have completed 15 years should not be put on the road and the registration of such vehicles will be cancelled automatically after the completion of 15 years, 7 vehicles completed 15 years as on December 2024 are under process of scrapping. Hence 7 new vehicles are essential for the efficient functioning of Finance Department.

3) Vide Para 13 of G.O (P) No.152/2020/Fin dated 05.11.2020, permission for the purchase of new vehicles for Government Offices and Govt. institutions shall not be allowed for the period of one year from 05.11.2020 and vide G.O (Ms) No.157/2024/Fin dated 17.11.2024 the above restriction has been extended for one year from 08.11.2024. As per Para 5 (iii) of G.O (Ms) No.72/2013/GAD dated 14.03.2013, only vehicles costing less than Rs.10 Lakh shall be purchased in Government and for the purchase of vehicles costing more than Rs.10 Lakh, prior approval of the Cabinet shall be required. Finance Department currently requires 3 Nos. of Maruti Ciaz Smart Hybrid Delta 1.5 L 5 MT model vehicle with ex-showroom price of Rs.8,80,000/- and 4 Nos. of Maruti Ertiga Smart Hybrid VXI(O) 1.5 L 5 MT model vehicle with ex-showroom price of Rs.8,65,040/- . In view of the above, 7 new vehicles (Maruti Ciaz Smart Hybrid Delta 1.5 L 5 MT - 3 Nos., Maruti Ertiga Smart Hybrid VXI(O) 1.5 L 5 MT - 4 Nos.) at a cost of approximately Rs.77 Lakh including insurance and other expenses, is proposed with the approval of Council of Ministers.

4) Hon'ble Chief Minister has ordered to submit the proposal before the Council of Ministers.

**Point for Decision.**

Whether 7 new vehicles, 3 Nos. of Maruti Ciaz Smart Hybrid Delta 1.5 L 5 MT model vehicle with ex-showroom price of Rs.8,80,000/- and 4 Nos. of Maruti Ertiga Smart Hybrid VXI(O) 1.5 L 5 MT model vehicle with ex-showroom price of Rs.8,65,040/-, at a cost of approximately Rs.77 Lakh including insurance and other expenses may be purchased in Finance Department through GeM Portal, in relaxation of Para 13 of the G.O (P) No.152/2020/FIN dated 05.11.2020 and Para 5 (iii) of G.O (Ms) No.72/2013/GAD dated 14.03.2013 since the 7 vehicles which were being used in Finance Department were scrap having completed 15 years as on December 2024?

18/2/25

K.N. BALAGOPAL
Minister for Finance
Government of Kerala

15/2